# Malayala Manorama

# 14 August 2018

# Kerala: Flood relief



## ഓരോ കുടുംബത്തിനും 3800 രൂപ

പ്രളയമേഖലകൾ വിലയിരുത്തിയ ശേഷം മുഖ്യമന്ത്രി നടത്തിയ മറ്റു പ്രഖ്യാപനങ്ങൾ:

- ദുരിതാശ്വാസ ക്യാംപുകളിൽ കഴിയുന്ന ഓരോ കുടുംബത്തിനും 3800 രൂപ വീതം.
- വളർത്തു മൃഗങ്ങൾ നഷ്ടപ്പെട്ടവർക്കു പ്രത്യേക സഹായം.
- റേഷൻ കാർഡ് മുതലായ രേഖകൾ നഷ്ടമായവർക്കു പുതിയതു നൽകാൻ പ്രത്യേക അദാലത്തുകൾ. ഫീസ് ഈടാക്കില്ല.
- പാഠപുസ്തകങ്ങൾ നഷ്ടപ്പെട്ട വിദ്യാർഥികൾക്കു പുതിയ പുസ്തകങ്ങൾ, ക്യാംപുകളിൽ വൈദ്യസഹായം.
- പ്രളയമേഖലയിലെ തകർന്ന റോഡുകൾ അടിയന്തരമായി നന്നാക്കും.
- മണ്ണിടിച്ചിലിൽ തകർന്ന വൈത്തിരി പൊലീസ് സ്റ്റേഷൻ പൂർവസ്ഥിതിയിലാക്കും.

> *ജനങ്ങളുടെ പ്രളയദുരിതം ലഘൂകരിക്കാൻ എല്ലാ സംരക്ഷണവും സർക്കാർ നൽകും. മഴക്കെടുതിമൂലമുള്ള നാശനഷ്ടങ്ങൾക്കും കൃഷിനാശത്തിനുമുള്ള നഷ്ടപരിഹാരത്തുക കാലോചിതമായി പരിഷ്കരിച്ചിട്ടുണ്ട്. രോഗങ്ങൾ പടരാതിരിക്കാൻ ഊർജിത ശുചീകരണം ഉറപ്പാക്കും.*
>
> **- മുഖ്യമന്ത്രി പിണറായി വിജയൻ**

na Co. Ltd., Kottayam-686001. **Editorial Director:** Mathews Varghese,